LIBRARY ARCHIVES Kerala Legislative Assembly

എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ

225 (1699) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്ത ള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇതുവരെ അപേക്ഷ നൽകിയിട്ടില്ലാത്തവരുടെ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടികൾ എടുക്കുമോ; എങ്കിൽ ആയതിനുള്ള അറിയിപ്പ് മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തുമോ;

(ഡി) കടബാധ്യതകൾ എഴുതിത്തള്ളുന്നതിന്റെ ഭാഗമായി ഹിയറിംഗുകൾ നടത്തിയിട്ടുണ്ടോ; എത്ര അപേക്ഷകരുടെ കടബാധ്യതകളാണ് എഴുതിത്തള്ളി യിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ-ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതി ത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യകുടുംബക്ഷേമ വകുപ്പാണ്. അതിനാൽ തുടർനടപടികളെപ്പറ്റി കൃഷി വകുപ്പിൽ വിശദാംശങ്ങൾ ലഭ്യമല്ല.

കാർഷികോൽപ്പന്നങ്ങളുടെ സംഭരണം

226 (1700) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൽപ്പാദന ചെലവുമായി പൊരുത്തപ്പെടുന്ന ന്യായവില കൃഷിക്കാരന് ഉറപ്പുവരുത്തുന്നതിനായി ഏതെല്ലാം കാർഷികോൽപന്നങ്ങളുടെ സംഭരണം നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) 2014-15, 2015-16 വർഷങ്ങളിൽ ഈ ഉൽപന്നങ്ങൾ എന്തളവിൽ സംഭരിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വർഷങ്ങളിൽ ഉൽപന്നങ്ങളുടെ സംഭരണത്തിനായി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?